LIBRARY ARCHIVES Kerala Legislative Assembly

വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റുകൾ

80 (4515) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ജില്ലകളിൽ വിവിധ ബറ്റാലിയനുകളിലേക്കുള്ള വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റുകൾ നിലവിൽവന്നതെന്നാണ് ;

(ബി) ആകെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുകയുണ്ടായി ;

(സി) ഇതുവരെയുള്ള നിയമനം ഉൾപ്പെടെ കേരളാ പോലീസിന്റെ അംഗസംഖ്യയുടെ ആകെ എത്ര ശതമാനം വനിതാ പോലീസ് കോൺസ്റ്റബിൾമാർ ഇപ്പോഴുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റുപല പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടേയും കാലാവധി ദീർഘിപ്പിച്ചതുപോലെ വനിത പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ഉത്തരം

(എ) 31-12-2000-ൽ.

(ബി) നിലവിലുള്ള വനിതാ കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും 1732 പേർക്ക് അഡ്വൈസ് മെമ്മോ നൽകുകയും അതിൽ 1050 പേർ ജോയിൻ ചെയ്യുകയും ചെയ്തിട്ടുള്ളതും അതിൽ 3-ാം ബാച്ചായി 209 പേരുടെ ട്രെയിനിംഗ് നടന്നുവരുകയും ചെയ്യുന്നു. കൂടാതെ പുതിയതായി സൃഷ്ടിച്ച 600 പോസ്റ്റുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. അവർക്ക് 2003 സെപ്റ്റംബർ 1-ന് ട്രെയിനിംഗ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

കെ. എ. പി. നാലാം ബറ്റാലിയനിലെ ഒഴിവുകൾ

81 (4516) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി. നാലാം ബറ്റാലിയനിലേക്ക് നിയമനം നൽകുന്നതിനുള്ള പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽവന്നത് ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകുകയുണ്ടായി ;

(സി) കെ.എ.പി. നാലാം ബറ്റാലിയനിൽ നിലവിൽ എത്ര പോലീസ് കോൺസ്റ്റബിൾ തസ്തികയാണ് ഒഴിവുള്ളത് ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുകയുണ്ടായോ ;

(ഇ) ഇല്ലെങ്കിൽ കെ.എ.പി. നാലാം ബറ്റാലിയനിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 15-7-2002-ൽ.

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും 102 പേരെ ശുപാർശ ചെയ്യുകയും, മെഡിക്കൽ ടെസ്റ്റും വെരിഫിക്കേഷനും കഴിഞ്ഞ '96' പേർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തതിൽ 83 പേർ 14-3-2003-ൽ ആരംഭിച്ച ട്രെയിനിംഗിൽ ഹാജരായിട്ടുണ്ട്.

(സി) 54 പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ഡി&ഇ) ഇപ്പോൾ ഒരു ബാച്ചിന്റെ ട്രെയിനിംഗ് നടന്നുവരികയാണ്. പുതുതായി ഒരു ബാച്ച് ട്രെയിനിംഗ് നടത്തുന്നതിനാവശ്യമായ ഒഴിവുകൾ വരുന്ന മുറയ്ക്ക് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

കോട്ടയം ജില്ലയിൽ നിയമിക്കപ്പെട്ട പോലീസുകാർ

82 (4517) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-1996-ൽ കോട്ടയം ജില്ലയിലെ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് നിയമിക്കപ്പെട്ടവരിൽ എത്രപേർ ഇപ്പോൾ തൃശ്ശൂർ കെ.എ.പി. എട്ടാം ബറ്റാലിയനിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്നും, അവർ എത്ര വർഷമായി അവിടെ ജോലി ചെയ്തുവരുന്നുണ്ടെന്നും അറിയിക്കാമോ ;

(ബി) കോട്ടയം ജില്ലയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ഇവരെ വേക്കൻസി വരുന്നമുറയ്ക്ക് കോട്ടയത്തേക്ക് സ്ഥലംമാറ്റം നൽകാതെ തൃശൂരിൽ നിലനിർത്തുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) ഇവരെ തൃശ്ശൂരുനിന്നും വീണ്ടും പാലക്കാട്ടേക്ക് സ്ഥലംമാറ്റാനുള്ള ആലോചനയുണ്ടോ ; എങ്കിൽ പ്രസ്തുത നടപടി ഉപേക്ഷിക്കുമോ ;

(ഡി) കോട്ടയം ജില്ലയിലെ കോട്ടയം, പാലാ, ചങ്ങനാശ്ശേരി, ഹൈവേ പട്രോൾ എന്നീ വിഭാഗത്തിലും തൃക്കൊടിത്താനം, തലയോലപ്പറമ്പ് പോലീസ് സ്റ്റേഷനുകളിലും എ.എസ്.ഐ. പ്രൊമോഷൻമൂലമുണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള 150-ൽപ്പരം വേക്കൻസികളിലേക്ക് ഇപ്പോൾ തൃശ്ശൂർ കെ.എ.പി. 5-ാം ബറ്റാലിയനിൽ സേവനമനുഷ്ഠിക്കുന്ന പോലീസുകാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly